പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1296 04/02/2019-ൽ മറുപടിക്ക്

## എയ്ഡഡ് സ്കൂളിലെ നിയമനങ്ങൾ

**ചോദ്യം**

ശ്രീ. പി.സി ജോർജ്ജ്:

**ഉത്തരം**

പ്രൊഫ. സി. രവീന്ദ്രനാഥ്
(പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി)

(എ) സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകരുടെയും അനദ്ധ്യാപകരുടെയും നിയമനം അംഗീകരിക്കുന്നത് സംബന്ധിച്ചുള്ള തടസ്സങ്ങൾ മാറ്റുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചു വരുന്നു; വിശദമാക്കാമോ;

(എ) സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ കേരള വിദ്യാഭ്യാസ നിയമത്തിനും ചട്ടങ്ങൾക്കും സർക്കാർ ഉത്തരവുകൾക്കും അനുസൃതമായി നിയമിക്കപ്പെടുന്ന അദ്ധ്യാപക, അനദ്ധ്യാപകരുടെ നിയമനം അംഗീകരിക്കുന്നതിന് സർക്കാർ യാതൊരു വിധ തടസ്സങ്ങളും നിരോധനങ്ങളും ഏർപ്പെടുത്തിയിട്ടില്ല. ചട്ടങ്ങൾക്കു വിരുദ്ധമായി നടത്തുന്ന നിയമനങ്ങൾക്കാണ് അംഗീകാരം ലഭിക്കാതെ വരുന്നത്.

(ബി) സംസ്ഥാനത്ത് നിലവിൽ എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകരുടെയും അനദ്ധ്യാപകരുടെയും നിയമനം അംഗീകരിക്കുന്നത് ഏത് സർവ്വീസ് റൂൾ പ്രകാരമാണ്; വ്യക്തമാക്കാമോ?

(ബി) കേരള വിദ്യാഭ്യാസ നിയമം, കേരള വിദ്യാഭ്യാസ ചട്ടങ്ങൾ, സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിലാണ് എയ്ഡഡ് സ്കൂളുകളിലെ നിയമനങ്ങൾക്ക് അംഗീകാരം നൽകുന്നത്.

(ഒപ്പ്)

സെക്ഷൻ ഓഫീസർ